YEARS OF CELEBRATING THE MAHATMA

Break the Chain

വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: പ്രിയങ്ക.ജി. I A S )

ഉത്തരവ് നം. DWCD/2434/2022-WEC2

തിരുവനന്തപുരം,
തീയതി. 01/07/2022

വിഷയം: വനിത ശിശു വികസന വകുപ്പ് -I E C- സംസ്ഥാനത്തെ കോളേജുകളിൽ Gender Awareness campaign- സംഘടിപ്പിക്കുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :

സ്ത്രീകൾക്ക് നേരെയുള്ള സ്ത്രീധന പീഢനങ്ങൾ /ഗാർഹിക പീഢനങ്ങൾ, ഇവയെ തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ സമീപ കാലങ്ങളിൽ വർദ്ധിച്ചു വരുന്നതായി കാണപ്പെടുന്നു. സ്ത്രീധന സമ്പ്രദായം പോലെയുള്ള ദുരാചാരങ്ങൾ ഉന്മൂലനം ചെയ്യേണ്ടതും, സ്ത്രീപീഢനങ്ങൾ തടയേണ്ടതും ഒരു പരിഷ്കൃത സമൂഹത്തിന്റെ ആവശ്യകതയാണെന്നുള്ളതിനാൽ, ഇത്തരം ദുഷ് പ്രവണതകൾക്കെതിരെയുള്ള ബോധവൽക്കരണം യുവജനങ്ങൾക്കിടയിൽ നിന്ന് തുടങ്ങുന്നത്, ഇവ തീർത്തും സമൂഹത്തിൽ നിന്ന് തുടച്ചു മാറ്റാനായുള്ള യത്നത്തിൽ കൂടുതൽ ഫലപ്രദമാകും. ആയതിനാൽ യുവജനങ്ങൾക്കിടയിൽ ലിംഗ സമത്വം ഉറപ്പ് വരുത്തുക, സ്ത്രീധന സമ്പ്രദായം, വിവാഹ ധൂർത്ത്, ശൈശവ വിവാഹം എന്നിവ നിരോധിക്കുക തുടങ്ങിയ വിഷയങ്ങൾ ടെക്നിക്കൽ, നോൺ ടെക്നിക്കൽ കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ എല്ലാ ടെക്നിക്കൽ , നോൺ ടെക്നിക്കൽ, പ്രൊഫഷണൽ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിച്ചിരുന്നു. ആയതിന് തുടർച്ചയായി കോളേജ് വിദ്യാർത്ഥികൾക്കിടയിൽ 2022-23 സാമ്പത്തിക വർഷത്തിലും അവബോധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ജില്ല ഒന്നിന് 30, 000/- രൂപ നിരക്കിൽ 14 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കായി ആകെ 4,20,000/- രൂപ (നാല് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) ചുവടെ വിവരിക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ജില്ലയുടെ പേര് | അനുവദിക്കുന്ന തുക |
|---|---|
| തിരുവനന്തപുരം | 30000 |
| കൊല്ലം | 30000 |
| പത്തനംതിട്ട | 30000 |
| ആലപ്പുഴ | 30000 |
| കോട്ടയം | 30000 |
| ഇടുക്കി | 30000 |
| എറണാകുളം | 30000 |
| തൃശ്ശൂർ | 30000 |
| പാലക്കാട് | 30000 |
| മലപ്പുറം | 30000 |
| കോഴിക്കോട് | 30000 |
| വയനാട് | 30000 |
| കണ്ണൂർ | 30000 |
| കാസർഗോഡ് | 30000 |
| ആകെ തുക | 420000 |

ടി തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-001-92-00-66-00 (NP) ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്. തുക ചിലവഴിച്ച ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട് എ, സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)
2. സ്റ്റോക്ക് ഫയൽ / സ്പെയർ

Validity unknown

Digitally signed by Priyanka G
Date: 2022.07.01 15:11:36 IST
Reason: Approved